ശ്രീ. പി. എ. ബാലൻ : ഇപ്പോൾ ലോൺ കൊടുക്കാത്തതുകൊണ്ടു് ഉൽപ്പാദിപ്പിക്കുന്ന ചരക്കുകൾ എടുക്കാൻ നിവൃത്തിയില്ല എന്ന വിവരം അറിയാമോ ?

ശ്രീ. എ. എ. റഹിം : ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. കെ. എ. ബാലൻ : അക്കാര്യത്തെസംബന്ധിച്ചു ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. എ. എ. റഹിം : അതിനാവശ്യമായ നിബന്ധനകൾ എഴുതി പ്രമാണം രജിസ്റ്റർചെയ്തു തരുന്നതിനു അവർക്കു താൽപ്പര്യമുണ്ടാകുമ്പോൾ വായ്പകൾ കൊടുക്കും.

കയറിന്റെ വില.

* 40. [12] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സഭയം മറുപടി പറയുമോ :

(എ) 13, 14 സ്കോർ അഞ്ചുതെങ്ങു കയറിന്റെ ഇപ്പോഴത്തെ വിലയെന്തു് ;

(ബി) അഞ്ചുതെങ്ങുതരം കയർ ഉൽപ്പാദിപ്പിക്കുന്ന പ്രദേശത്തു അഴക്കൽ തൊണ്ടിനു നിലവിലുള്ള വിലനിരക്കെന്തു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) അഞ്ചുതെങ്ങുകയറിനു കൊച്ചിയിൽ ഇപ്പോൾ 345 രൂപ മുതൽ 355 രൂപ വരെയുണ്ടു്.

(ബി) കയർ സഹകരണസംഘങ്ങളിൽ അഴക്കൽതൊണ്ടിനു് 43½ രൂപ മുതൽ 53 രൂപ വരെയും മറ്റു വ്യാപാരികൾ 57 രൂപ മുതൽ 65 രൂപ വരെയും വിലവച്ചുവിൽക്കുന്നു.

ശ്രീ. യു. നീലകണ്ഠൻ : അഴക്കു തൊണ്ടിനു് 57 മുതൽ 65 രൂപ വരെ വിലയുള്ളതുകൊണ്ടു് ഈ കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്കു് പ്രയാസം നേരിടുന്നുണ്ടെന്നറിയാമോ ?

ശ്രീ. എ. എ. റഹിം : കയർ വ്യവസായം നടത്തുന്നവർക്കു് പ്രയാസങ്ങൾ ഉണ്ടെന്നറിയാം.

ശ്രീ. യു. നീലകണ്ഠൻ : അവർക്കു് വളരെ നഷ്ടംവരുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിനറിവുണ്ടോ ?

ശ്രീ. എ. എ. റഹിം : ലാഭംകിട്ടാൻ അധികം ഇടയില്ലെന്നു് ഗവണ്മെൻറിനറിവുണ്ടു്.

ശ്രീ. യു. നീലകണ്ഠൻ : കയറിനു 355 രൂപ വിലയുള്ള അവസരത്തിൽ 1000 അഴക്കൽതൊണ്ടിനു് 65 രൂപ വിലയാണു്. ഇപ്പോൾ അതു കയർവ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്കു വളരെ നഷ്ടത്തിനു കാരണമാണെന്നുള്ളതു ഗവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : കയർ വ്യവസായത്തെസംബന്ധിച്ചു പരിചയമില്ലെങ്കിലും കയർ വ്യാപാരത്തിനു ഇതുമൂലം വലിയ നഷ്ടമില്ല എന്നുള്ളതു വ്യക്തമാണു്.

ശ്രീ. യു. നീലകണ്ഠൻ : വളരെയധികം നഷ്ടം ഉണ്ടാകാതിരിക്കത്തക്കവിധം വ്യാപാരം നടത്തുന്നതിനു വേണ്ട നടപടികൾ നടത്താൻ ഭയവുണ്ടാകുമോ ?

ശ്രീ. എ. എ. റഹിം : ഗവണ്മെൻറു അതെക്കുറിച്ചു അന്വേഷിക്കുകയാണു്.

ശ്രീ. യു. നീലകണ്ഠൻ : എന്തുനടപടികളാണു സ്വീകരിക്കുന്നതു് ?

ശ്രീ. എ. എ. റഹിം : തൊണ്ടിന്റെ വില കുറയ്ക്കുക എന്നുള്ളതാണു്.

ഹെൽത്തു് സെൻറർ.

* 41. [13] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര ഗവണ്മെൻറു ഡിസ്പെൻസറികൾ പ്രൈമറി ഹെൽത്തു് സെൻററുകളാക്കി മാറിയിട്ടുണ്ടു്; ഇനി എത്ര എണ്ണം മാറാൻ ഉദ്ദേശിക്കുന്നു; ഏതെല്ലാം;

(ബി) ഒരു ഡിസ്പെൻസറി ഹെൽത്തു സെൻറർ ആക്കി മാറ്റുന്നതുമൂലം ഗവണ്മെൻറിനു് പ്രതി വർഷം എത്ര രൂപ കൂടുതൽ ചെലവു വരും ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഈ സാമ്പത്തിക വർഷത്തിൽ രണ്ടു ഡിസ്പെൻസറികൾ പ്രൈമറി ഹെൽത്തുയൂണിറ്റുകളാക്കി. ഇനിയും 20 ഡിസ്പെൻസറികൾ കൂടി പ്രൈമറി ഹെൽത്തു യൂണിറ്റുകളാക്കി മാറ്റുന്നതാണു്.

(ബി) ഒരു ഡിസ്പെൻസറി ഹെൽത്തുയൂണിറ്റാക്കി മാറ്റുന്നതിനു പതിനായിരം രൂപയിൽ കൂടുതൽ ചെലവുവരും.

ശ്രീ. ഡി. വിവേകാനന്ദൻ: അവ ഇക്കൊല്ലം തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഈ കൊല്ലം തുടങ്ങും.

ശ്രീ. ഡി. വിവേകാനന്ദൻ : അതിനെ പരിതപ്പെട്ടെന്നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : മാർച്ചുമാസം അവസാനിക്കുന്നതിനു മുമ്പു തുടങ്ങിക്കും. എന്നു തീരുമെന്നു് പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോൾ മാറ്റിയ രണ്ടു യൂണിറ്റുകൾ എവിടെയെല്ലാമാണു്?

LIBRARY ARCHIVES Kerala Legislative Assembly